"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- നഗരകാര്യം- വിജിലൻസ് പരിശോധനാ റിപ്പോർട്ട്- കോഴിക്കോട് കോർപ്പറേഷനിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നത്- അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.652/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/03/2021

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.03.2020 തീയതിയിലെ ഇ13-33407/2019/എൻ.ആർ.കെ. നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷനിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വരുന്ന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന പദ്ധതി പ്രകാരം വീട് വെക്കുന്നതിനായി സാമ്പത്തിക സഹായം നൽകിയതിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ അഴിമതി നടക്കുന്നുവെന്നും സർക്കാർ നൽകുന്ന തുകയിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നും വ്യക്തമായതിനാൽ ഈ വിഷയത്തിൽ വിശദമായ ഒരു പ്രാഥമികാന്വേഷണം നടത്തുന്നതിന് പരാമർശ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് നഗരസഭാ ഓഫീസിലെ മേൽ ക്രമക്കേടുകൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട്
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ